# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2898 15.12.2015-ലെ മറുപടിക്ക്

### ഹയർ സെക്കണ്ടറി കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കണ്ടറി കോമേഴ്സ് (സീനിയർ/ജൂനിയർ, നോൺ വൊക്കേഷണൽ) അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (എ) എച്ച് എസ് എസ് റ്റി കൊമേഴ്സ് സീനിയർ അദ്ധ്യാപകരുടെ 32 ഒഴിവുകളും എച്ച് എസ് എസ് റ്റി കൊമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 358 ഒഴിവുകളും നോൺ വൊക്കേഷണൽ സീനിയർ തസ്തികയിലെ 22 ഒഴിവുകളും പി.എസ്. സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ കൊമേഴ്സിൽ സീനിയർ തസ്തിക മാത്രമേ നിലവിലുള്ളൂ. |
| (ബി) ഇതിൽ സീനിയർ/ജൂനിയർ വിഭാഗങ്ങളിലായി എത്ര പേരെ പി.എസ്.സി അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) എച്ച് എസ് എസ് റ്റി കൊമേഴ്സ് സീനിയർ തസ്തികയിലെ 32 ഒഴിവുകളിലേയ്ക്കും എച്ച് എസ് എസ് റ്റി കൊമേഴ്സ് ജൂനിയർ തസ്തികയിലെ 356 ഒഴിവുകളിലേക്കും നിയമന നിർദ്ദേശം നൽകിയിട്ടുണ്ട്. നോൺ വൊക്കേഷണൽ തസ്തികയിലെ 22 സീനിയർ ഒഴിവുകളിലേയ്ക്ക് പി.എസ്.സി യിൽ നിന്നും നിയമന നിർദ്ദേശം ലഭിച്ചതനുസരിച്ച് വകുപ്പിൽ നിന്നും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത തസ്തികകളിലെ എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ